Sthirīkaraṇat-
tinnuḷḷa - upa-
deśam.

1853

Sthirīkaraṇattinnuḷḷa-upadeśa

സ്ഥിരീകരണത്തിന്നുള്ള

ഉപദെശം

AK

തലശ്ശെരിയിലെ ഛാപിതം

൧൮൫൩

Tellicherry

1853

1.

സ്ഥിരീകരണത്തിനുള്ള

ഉപദേശം

൧. മനുഷ്യന്റെ ഹൃദയത്തിൽ മുഖ്യവിചാരം ഏതുകൊണ്ടാകുന്നു
ഉ.൦ നിത്യജീവന്റെ പ്രത്യാശയെക്കുറിച്ചു ഉറെച്ചുവരേണം എന്നതു
(മത്താ. ൬. ൩൩) മുമ്പെ ദൈവത്തിന്റെ രാജ്യത്തെയും അ
വന്റെ നീതിയെയും അന്വേഷിപ്പിൻ എന്നാൽ ഇവ എല്ലാം
നിങ്ങൾക്കു കൂടെ കിട്ടും എന്നു ക്രിസ്തൻ പറഞ്ഞുവല്ലൊ
൨. ഈ പ്രത്യാശ എല്ലാ മനുഷ്യനും വരികയില്ലയൊ
ഉ.൦ സത്യക്രിസ്തഭക്തനല്ലാതെ കിട്ടുംവരാത്തു - മത്താ. ൭, ൨൧ എന്നൊ
ടു കർത്താവെ കർത്താവെ എന്നു പറയുന്നവൻ എല്ലാം സ്വർഗ്ഗരാജ്യ
ത്തിൽ കടക്കയില്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടത്തെ
ചെയ്യുന്നവനത്രെ എന്നുണ്ടല്ലൊ.
൩. നീ ആർ ആകുന്നു
ഉ.൦ ഞാൻ ക്രിസ്ത്യാനൻ തന്നെ.
൪. ക്രിസ്ത്യാനൻ ഉണ്ടാകുന്നത് എങ്ങിനെ
ഉ.൦ ക്രിസ്ത്യാനരിൽ ജനിക്കുന്നതിനാലല്ല ക്രിസ്ത്യാനരുടെ സംസ
ർഗ്ഗം ഉള്ളതിനാലും അല്ല - ക്രിസ്തീകമായ വിശ്വാസം ക്രിസ്തുവിലെ സ്നാ
നം ഇവ ഉണ്ടാകയാലത്രെ

ഒന്നാം അദ്ധ്യായം (൧-൫൭)

൭. നിങ്ങൾക്കു ചെറുപ്പത്തിൽ സ്നാനം ഉണ്ടായിരുന്നുവൊ

ഉ. അതെ പിതാവു പുത്രൻ പരിശുദ്ധാത്മാവു എന്ന ദൈവനാമത്തിൽ
എനിക്കു സ്നാനം ഉണ്ടായിട്ടിരിക്കുന്നു. ഈ പറഞ്ഞുകൂടാത്ത ഉ
പകാരത്തിന്നായി ത്രിയേക ദൈവത്തിന്നു എന്നും സ്തോത്ര
വും വന്ദനവും ഉണ്ടാകെണ്ടു

൮. സ്നാനം എന്നതു എന്തു

ഉ. സ്നാനം എന്നതു പരിശുദ്ധമർമ്മവും ദിവ്യമായ ചൊല്ലിയതും ആകു
ന്നു - അതിനാൽ ദൈവമായ പിതാവു പുത്രനോടും പരിശുദ്ധാ
ത്മാവോടും ഒന്നിച്ചു ഈ സ്നാനം ഏല്ക്കുന്നവന്നു താൻ കരുണ
യുള്ള ദൈവമാകും എന്നും അവന്റെ സകല പാപങ്ങളെയും എ
ശുക്രിസ്തന്റെ തിരുരക്തം ചൊരിഞ്ഞ് ശുദ്ധമാക്കി ക്ഷമിച്ചു കൊടുക്കുന്നു
എന്നും അവനെ മകന്റെ സ്ഥാനത്തിൽ ആക്കി സകല ഭാഗ്യ
വസ്തുവിന്നും അവകാശിയാക്കി അംഗീകരിച്ചു കൊള്ളുന്നു
ഇതു ഉണ്ടെന്നും സാക്ഷി പറയുന്നു

൯. സ്നാനം എന്തിനാൽ ഉണ്ടാകുന്നു

ഉ. വെള്ളത്താലും ആത്മാവിനാലും. യൊ. ൩. ൫. ഒരുത്തൻ വെള്ള
ത്തിലും ആത്മാവിലും നിന്നു ജനിച്ചില്ലെങ്കിൽ അവന്നു ദൈവരാ
ജ്യത്തിൽ കടപ്പാൻ കഴികയില്ല എന്നു ചൊല്ലിയ പ്രകാരം ത
ന്നെ—

൰. സ്നാനത്താലുള്ള പ്രയോജനം എന്തു

ഉ. ആയതു ദൈവകൃപയെയും പാപമോചനത്തെയും ദൈവപുത്ര
ത്വത്തെയും നിത്യജീവന്റെ അവകാശത്തെയും നമുക്കു ഉറ

പ്പിച്ചുകൊടുക്കുന്നു-തിത. ൩, ൫-൬- നാം അവന്റെ കരുണയാ
ൽ നീതികരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവന്റെ അ
വകാശികളാകിയിരെണ്ടതിന്നു ദൈവം തന്റെ കൃപയാലത്രെ
നമ്മെ രക്ഷിച്ചിരിക്കുന്നത-നമ്മുടെ രക്ഷിതാവായ യെശുക്രിസ്തു
മൂലം നമ്മുടെ മെൽ ധാരാളമായി പകർന്ന വിശുദ്ധാത്മാവിനാലെ പുന
ൎജ്ജന്മവും നവീകരണവും ആകുന്ന കുളികൊണ്ടുതന്നെ-ഈ വ
ചനം പ്രമാണം

൩. ദൈവവചനം സ്നാനത്തെ എങ്ങിനെ വർണ്ണിക്കുന്നു-

ഉ. അത നല്ല മനൊബൊധത്തിന്നായി ദൈവത്തൊടു ചൊദിച്ചിണ
ങ്ങുന്നത എന്നത്രെ. ൧ പെത. ൩, ൨൧.

൪. എകയാൽ വിശുദ്ധസ്നാനത്താൽ ദൈവം നിന്നൊടിണങ്ങി
ട്ട ഒരു നിയമം ഉണ്ടായില്ലയൊ

ഉ. അതെ-മഹാദൈവമായവൻ എനിക്ക കരുണയുള്ള ദൈ
വവും പിതാവും ആയ്വാൻ വാഗ്ദത്തം ചെയ്തിരിക്കുന്നു-ഞാനൊ പി
ശാചിനൊടും അവന്റെ സകല ക്രിയാഭാവങ്ങളൊടും ദുഷ്ടലൊ
കത്തിന്റെ ആഡംബരമായയൊടും ജഡത്തിന്റെ സകലപാ
പമൊഹങ്ങളൊടും വെറുത്തും ദൈവത്തെയും അവന്റെ പു
ത്രനായ യെശുവെയും ജീവപൎയ്യന്തം സെവിച്ചും കൊള്ളാൻ
കൈകൊണ്ടിരിക്കുന്നു-

൫. എകയാൽ സ്നാനനിയമത്താൽ നിനക്കു കടമായ്തുണ്ടൊ
എന്ത-

ഉ. ദൈവം ഒരുക്കിയ വചനം കൊണ്ട പ്രകാരം എനിക്കവന്നു

വിശ്വസ്തസാക്ഷികളിപ്പാനും സകലവാദത്തങ്ങളെയും ഭേദം
വരാതെ നിവൃത്തിപ്പാനും മനസ്സാക്ഷി ഭരിക്കുന്നതൊപ്പോലെ പുത്ര
ഭാവത്തോടും മിത്രവിശ്വസ്തതതന്നെ എന്റെ കൂടം ആക്ക
ണ— ആത്രക്കൊണ്ടു ആനിയമത്തെ സർവ്വതോറും വിശേഷാ
ൽ തിരുവത്താഴത്തിന്നു ചെല്ലുമ്പോഴും സകലഭക്തിയോടെ
പുത്രന്മാർ എന്റെ നാടപ്പിനെന്തതിന്നോ ആവശ്യം ശോധന
ചെയ്തും ആചാരക്രമത്തിൽ ആക്കിക്കൊണ്ടും എപ്പൊക്കെയൊറം
നടത്തുക പാപങ്ങളൊട്ടുകേവലം പൊരുത്തം പൊരെണ്ടതു

വിശ്വാസാദ്ധ്യായം ചൊ൧–൪൫

ചൊ൧. എന്നതുകൊണ്ടു സ്നാനത്തോടും കൂടെ വിശ്വാസത്തെ മുറുക്കിപ്പിടിക്കുന്നവർ മാത്രം സത്യക്രിസ്ത്യാനികളാകയാൽ ദൈവത്തിൽ വിശ്വസിക്ക എന്നതു എന്തു

ഉ- ദൈവത്തെ അറികയും അവന്റെ വചനത്തെ കൈക്കൊൾകയും അവനിൽ മുറ്റും ആശ്രയിക്കയും ചെയ്യുന്നതത്രെ

ചൊ൨. നാം വിശ്വസിക്കേണ്ടുന്ന ദൈവം ആരുപോൽ

ഉ- ദൈവം സൃഷ്ടിക്കപ്പെടാതെ ഉള്ള ആത്മാവ് ആകുന്നു, സർവ്വശക്തൻ, ഏകജ്ഞാനി, സർവ്വസമീപൻ, സർവ്വജ്ഞൻ, നിത്യമാൻ, വിശുദ്ധിമാൻ, സത്യവാൻ, ദയയും കനിവും നിറഞ്ഞവനത്രെ

ചൊ൩. ഏക ദൈവം ഒഴികെ വെറെ ഉണ്ടോ

ഉ- ഒരുത്തനെ ഉള്ളു— ൧ കൊ. ൮, ൪. അല്ലയൊ ഇസ്രയെലെ കെൾക്ക നമ്മുടെ ദൈവമാകുന്ന യഹോവാ തന്നെ ഏക യഹൊ

പക്ഷെത്രെ

ചൊ. ൧൭. ഈ മൂന്നാളുകൾ ദൈവത്തിൽ വിശെഷങ്ങൾ ഉണ്ടൊ-

ഉ-ം അതെ പിതാ പുത്രൻ വിശുദ്ധാത്മാവ് എന്ന മൂവർ ഉണ്ടു- സ്വർഗ്ഗത്തിൽ സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ടല്ലൊ പിതാവ് വചനം വിശുദ്ധാത്മാവ് എന്നിവർ മൂവരും ഒന്നത്രെ ൧ യൊ ൫, ൭

ചൊ. ൧൮. ഈ ദൈവത്തിൽ ഒന്നാം പുരുഷനാകുന്ന പിതാവായ ദൈവത്തെക്കൊണ്ടു വിശ്വാസപ്രമാണത്തിൽ എന്തു ചൊല്ലിയിരിക്കുന്നു-

ഉ-ം സ്വർഗ്ഗങ്ങളും ഭൂമിയും സൃഷ്ടാവായി സർവ്വശക്തനായി പിതാവായിരിക്കുന്ന ദൈവത്തിങ്കൽ ഞാൻ വിശ്വസിക്കുന്നു-

ചൊ. ൧൯. മനുഷ്യരെയും ദൈവം പടെച്ചിരിക്കുന്നുവൊ

ഉ-ം അതെ ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു ൧ മൊ. ൧, ൨൭

ചൊ. ൨൦. ഈ ദൈവസാദൃശ്യം ഇന്നും ഉണ്ടൊ-

ഉ-ം ഇല്ല കഷ്ടം- ഒന്നാമത്തെ പാപം എല്ലാവരിലും വ്യാപിച്ചു പൊയിരിക്കുന്നു ൧ മൊ. ൫

ചൊ. ൨൧. ആദ്യപിതാക്കന്മാരുടെ പാപത്താൽ നാം എന്തിൽ അകപ്പെട്ടു പൊയി

ഉ-ം പാപത്തിലും അതിനാൽ ദൈവകൊപത്തിലും പിശാച് മരണം നരകം മുതലായ ശത്രുക്കളുടെ വശത്തിലും അകപ്പെട്ടു - രൊമ. ൫, ൧൨ ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലൊകത്തിൽ പുക്കു ഞങ്ങൾ എല്ലാവരും പാപം ചെ

ഷ്ടയാൽമരണംസകലമനുഷ്യരൊടുംവരുന്നു

ചൊ. പാപംഎന്നത്എന്ത—

ഉ. പാപംഅധൎമ്മംതന്നെ— ൧യൊ.൩,൪. ധൎമ്മത്തിന്റെലംഘനം എന്നത്രെ—

ചൊ. പാപംഎത്രവിധമായിരിക്കുന്നു—

ഉ. മൂലപാപം ക്രിയാപാപംഇങ്ങിനെരണ്ടുവിധമായിരിക്കു ന്നു—

ചൊ. മൂലപാപംഎന്നത്എന്ത

ഉ. മാനുഷസ്വഭാവത്തിന്നുജനനംമുതലുള്ളകെടുംദൊഷ ത്തിലെക്കചായുന്നഇച്ശയുംതന്നെ— എഫെ.൨,൩. ആദ ത്തിൽനിന്നഉല്പത്തിഭെദംആകുന്നു

ചൊ. ക്രിയാപാപംഎന്നത്എന്ത

ഉ. മൂലപാപത്തിൽനിന്നുണ്ടാകുന്നഒരൊരൊവിചാരമൊ ഹങ്ങളുംപുറമെഉള്ളഭാവങ്ങൾവാക്കുകൾകൎമ്മങ്ങൾമുതലാ യവഒക്കയുംതന്നെ— മത.൧൫,൧൯. ദുൎവിചാരങ്ങൾകുല കൾവ്യഭിചാരങ്ങൾപുലയാട്ടുകൾമൊഷണങ്ങൾകള്ളസാക്ഷി കൾദൂഷണങ്ങൾഇവഹൃദയത്തിൽനിന്നുപുറപ്പെടുന്നു—

ചൊ. ഗുണംചെയ്യാതിരിക്കുന്നതുംദൊഷംതന്നെയൊ

ഉ. അതെ— ദൊഷത്തെവെറുക്കെണംഎന്നുതന്നെഅല്ലഗുണ ത്തെചെയ്യെണംഎന്നുംകൂടെദൈവകല്പനആകുന്നുവല്ലൊ —യാക്കൊ.൪,൧൭. നല്ലതചെയ്വാൻഅറിഞ്ഞിട്ടുംചെയ്യാത വന്നഅതപാപംആകുന്നു—

[illegible]. ക്രിയാപാപങ്ങൾ എത്രവിധമാകുന്നു

ഉ. ബലഹീനതയാലെ പാപം - മനഃപൂർവ്വത്താലെ പാപം എന്നിങ്ങനെ രണ്ടുവിധമാകുന്നു-

[illegible]. ബലഹീനതയാലെ പാപം ഏതുപ്രകാരമുള്ളത-

ഉ. വിശ്വാസി മനസ്സോടെ പാപം ചെയ്യാതെ അറിയായ്കയാലും കരുതായ്കയാലും ഒരു തെറ്റിൽ അകപ്പെട്ടുകയും അതിനാൽ ഇടറി അനുതപിക്കയും അതിനെ വെറുത്തു വിട്ടുകയും ചെയ്യുന്നതത്രെ-

[illegible]. മനഃപൂർവ്വത്താലെ പാപം ഏതുപ്രകാരമുള്ളത-

ഉ. മനുഷ്യൻ ഇന്നത് ദോഷം എന്നറിഞ്ഞിട്ടും മനസ്സോടെ ചെയ്തുകൊള്ളുന്നതത്രെ-

[illegible]. ഈ വക പാപങ്ങളാൽ നമുക്ക് എന്തു വരുവാനുള്ളൂ-

ഉ. ദൈവത്തിന്റെ കോപവും ശാപവും അല്ലാതെ ഇഹലോകത്തിൽ കഷ്ടപ്പാടും നരകത്തിൽ നിത്യദണ്ഡനവും തന്നെ - റോമ. ൬, ൨൩. പാപത്തിന്റെ ശമ്പളം മരണമത്രെ-

[illegible]. ഈ ശിക്ഷാവിധിയിൽനിന്നു നമ്മെ ഉദ്ധരിച്ചതാർ-

ഉ. എല്ലാവർക്കും വേണ്ടി വീണ്ടെടുപ്പിന്റെ വിലയായിട്ടു തന്നെത്താൻ കൊടുത്ത ക്രിസ്തുയേശുവത്രെ ൧ തിമൊ. ൨, ൬.

[illegible]. യേശുക്രിസ്താൻ ആർ ആകുന്നു-

ഉ. ദൈവപുത്രനും മനുഷ്യപുത്രനും ആകയാൽ ദിവ്യമാനുഷസ്വഭാവങ്ങൾക്കു മിശ്രമാകാതെ ചേർന്നുള്ളൊരു ഏകപുരുഷൻ തന്നെ

[illegible]. യേശുക്രിസ്തുവിനെ ചൊല്ലി നിന്റെ വിശ്വാസപ്രമാണം എന്തു

ടന-

ഉ.॰ ദൈവത്തിന്റെ ഏക പുത്രനായി നമ്മുടെ കർത്താവായ യെശു
ക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു - അവൻ വിശുദ്ധ റൂഹാ
യിനാൽ മറിയം എന്ന കന്യകയിൽ ഉല്പാദിതനായി ജനിച്ചു
പൊന്ത്യൊസ്പിലാത്തൊസിന്റെ കീഴെ കഷ്ടമനുഭവിച്ചു ക്രൂശിക്കപ്പെ
ട്ടു മരിച്ചു അടക്കപ്പെട്ടു പാതാളത്തിൽ ഇറങ്ങി മൂന്നാം ദിവസം
ഉയിർത്തെഴുനീറ്റു സ്വർഗ്ഗാരോഹണമായി സർവ്വശക്തനായ പിതാ
വായ ദൈവത്തിന്റെ വലഭാഗത്തിരിക്കുന്നു - അവിടെ നി
ന്നു ജീവികളും മരിച്ചവരും ന്യായം വിധിപ്പാൻ വരിക
യും ചെയ്യും -

ചൊ. യെശുക്രിസ്തൻ പിതാവിൽനിന്നു യുഗാദികൾക്കു മുമ്പെ ജനിച്ച സത്യ
ദൈവമാകുന്നു എന്നുള്ളതിനെ പ്രമാണിപ്പിക്കുന്നത്
എങ്ങിനെ-

ഉ.॰ വിശുദ്ധ വെദത്തിന്റെ സ്പഷ്ടസാക്ഷ്യങ്ങളെ കൊണ്ടത്രെ-
അതിനാൽ അവൻ ദൈവത്തിന്റെ ഏക പുത്രനും (യൊ. ൧.
൧൮) സ്വപുത്രനും (രൊമ. ൮. ൩൨) സകലത്തിന്മെലും ദൈവ
മായി എന്നെന്നെക്കും വാഴ്ത്തപ്പെട്ടവൻ എന്നും (൧ യൊ. ൫.
൨൦) സത്യ ദൈവവും നിത്യജീവനും എന്നും (എബ്ര. ൧. ൮) ഉള്ള
വെദവാക്കുകളെ കൊണ്ടു തന്നെ.

ചൊ. നിങ്ങൾ യെശുക്രിസ്തനെ വീണ്ടെടുപ്പുകാരൻ എന്നു പറവാൻ
കാരണം അവൻ നിന്നെ എന്തെല്ലാം ചെയ്തതിനാൽ എന്ന
ഭവിച്ചു-

ഉ. ഒന്നാമത് അവൻ എനിക്കവെണ്ടി സകലവെദധൎമ്മത്തെയും
നിവൃത്തിച്ചു പിന്നെ എനിക്കവെണ്ടി ക്രൂശിന്റെ കഷ്ടമരണ
ങ്ങളെയും അനുഭവിച്ചു- രൊമ. ൪, ൨൫. നമ്മുടെ പിഴകൾ നിമി
ത്തം ഏല്പിക്കപ്പെട്ടും നമ്മുടെ നീതീകരണത്തിന്നായി ഉണൎത്ത
പ്പെട്ടും ഇരിക്കുന്നു-

൩൭. ഈ അനുസരണത്താലും കഷ്ടത്താലും ക്രിസ്തൻ എനിക്കാ
യി എന്തെല്ലാം സമ്പാദിച്ചത്-

ഉ. ദൈവം കരുണയാലെ സ്വപുത്രനെ വിചാരിച്ചു എന്റെ സക
ലപാപങ്ങളെയും ക്ഷമിച്ചുവിടുന്നതും എന്നെ നല്ലവൻ എ
ന്നും നീതിമാൻ എന്നും പ്രിയമകൻ എന്നും എണ്ണിക്കൊള്ളുന്നതും
എനിക്കു മുള്ള സുഖം വരുത്തുവാൻ നിശ്ചയിക്കുന്നതും തന്നെ
ന്ന് അവൻ എനിക്കു സമ്പാദിച്ചിട്ടുള്ളതാകുന്നു-

൩൮. ഈ സമ്പാദിച്ചതിനെ എല്ലാം അനുഭവിപ്പാൻ എനിക്കു യൊ
ഗ്യത എങ്ങിനെ വരുന്നു-

ഉ. സത്യവും ജീവനും ഉള്ള വിശ്വാസത്താൽ അത്രെ-

൩൯. സത്യവിശ്വാസം എന്തൊൽ

ഉ. ദൈവം യെശുവിന്റെ പുണ്യമാഹാത്മ്യം വിചാരിച്ചു എന്നെ
കനിഞ്ഞു മകന്റെ സ്ഥാനത്തിൽ ആക്കിയും എന്നെക്കു
രക്ഷിക്കയും ചെയ്യും എന്നതു എന്നെ അവനെ ഇളകാതെ ആശ്ര
യിക്കുന്നതത്രെ- യൊഹ. ൩, ൧൬. ദൈവം ലൊകത്തെ സ്നെ
ഹിച്ചു വിധമാവിത്തൻ ഏകജാതനായ പുത്രനിൽ വിശ്വ
സിക്കുന്നവൻ ആരും നശിച്ചുപൊകാതെ നിത്യജീവനുള്ളവൻ

ളുകൊണ്ടല്ലാതെ അവനെ തങ്ങൾക്കൊന്നും തന്നെ ഗ്രഹിപ്പു

൬൭. ഈ ത്രിത്വത്തെ വിശ്വസിപ്പാൻ ബുദ്ധിയാൽ തന്നെ കഴിവുണ്ടൊ

ഉ. അതിനു ഒരു മനുഷ്യനും ശക്തിയൊരാ-൧ കൊ. ൧൨, ൩-
വിശുദ്ധാത്മാവിനാലല്ലാതെ യെശുകർത്താവെന്നു പറവാൻ ആ
ർക്കും കഴികയില്ല—

൬൮. വിശുദ്ധാത്മാവെകൊണ്ടുള്ള നിന്റെ വിശ്വാസപ്രമാണം
എങ്ങിനെ—

ഉ. വിശുദ്ധാത്മാവിലും വിശുദ്ധന്മാരുടെ കൂട്ടായ്മയുള്ള വിശുദ്ധ സാ
ധാരണസഭയിലും പാപമൊചനത്തിലും ശരീരത്തിന്റെ
പുനരുത്ഥാനത്തിലും നിത്യജീവനിലും ഞാൻ വിശ്വസിക്കു
ന്നു—

൬൯. വിശുദ്ധാത്മാവും കൂടെ നീ വിശ്വസിക്കുന്ന സത്യദൈ
വം തന്നെയൊ

ഉ. അതെ-വെദത്തിൽ അവനു ദൈവനാമങ്ങൾ ദൈവഗുണ
ങ്ങൾ ദൈവക്രിയകൾ ദൈവമാനം ഇവയെല്ലാം കൊള്ളുന്നപ്ര
കാരം കാണ്മാൻ ഉണ്ടു (അപ. ൫, ൩. ൧ കൊ. ൨, ൧൦-
൧൧. ൧൨, ൧൧. മത. ൨൮, ൧൯.)

൭൦. ഞങ്ങൾ നീ വാക്കിനെകൊണ്ടു ഏറ്റുപറയുന്നതെല്ലാം ഹൃദ
യം കൊണ്ടും വിശ്വസിച്ചാൽ ഈ വിശ്വാസത്തിന്റെ ഫലം
എന്താകുന്നു—

ഉ. ഈ വിശ്വാസമത്രെ ദൈവം തന്റെ ക്രിസ്തൻ മൂല
ത്താൽ എന്നെ നീതിമാനും വിശുദ്ധനും എന്നെണ്ണിക്കൊള്ളുന്ന

തല്ലാതെ പ്രാർത്ഥിപ്പാനും ദൈവത്തെ ബാവാ എന്ന വിളിപ്പാ-
നും അവന്റെ കല്പനകളിൻ പ്രകാരം നടപ്പാനും വിശുദ്ധാത്മാ-
വ് ശക്തി കൊടുക്കപ്പെടുന്നത് തന്നെ ഫലം ആകുന്നു

ചൊ: വിശ്വാസത്തിലെ ഒന്നാം ഫലം എന്ത-

ഉ-ം എന്റെ നീതീകരണമത്രെ - ദൈവം എന്റെ പാപങ്ങളെ
ക്ഷമിച്ചു വിട്ടു ക്രിസ്തന്റെ നീതിയെ എനിക്ക് കണക്കിട്ടു
ആയവകാശി സകല കാര്യങ്ങളെക്കും പറഞ്ഞു തരുന്നതു
തന്നെ-

ചൊ: വിശുദ്ധീകരണം എന്നും പുത്രത്വം എന്നും ഉള്ള രണ്ടാമത്തെ
ഫലം വിശ്വാസത്തിൽ ഉണ്ടാകുന്നില്ലയൊ-

ഉ-ം ഉണ്ടാകുന്നു - ഞാൻ കുട്ടിയായി പ്രാർത്ഥിപ്പാനും ദൈവകല്പന-
കളിൻ നടപ്പാനും തക്കവണ്ണം വിശ്വാസത്താൽ എന്റെമേൽ വിശു-
ദ്ധാത്മാവ് തന്നെ എനിക്ക് കിട്ടുന്നുണ്ടു

പ്രാർത്ഥനാദ്ധ്യായം (൧൩-൧൯)

ചൊ. പ്രാർത്ഥന എന്നത് എന്ത

ഉ-ം പ്രാർത്ഥന എന്നത് ലൌകികത്തിലും ആത്മികത്തിലും നന്മയെ
ലഭിപ്പാനൊ തിന്മയെ വർജ്ജിപ്പാനൊ ദൈവത്തെ നൊക്കി
വിളിക്കുന്നത അത്രെ ആകുന്നു-

ചൊ- പ്രാർത്ഥനകളിൽ വെച്ചു സാരവും ക്രമവും ഭംഗിയും ഏറിയത്
ഏതൊന്ന ആകുന്നു—

ഉ-ം ക്രിസ്തൻ താൻ നമുക്ക ഉപദേശിച്ചു തന്നതു അത്രെ - അതായിതു-

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ നിന്റെ നാമം പരിശുദ്ധി
ക്കപ്പെടെണമെ- നിന്റെ രാജ്യം വരെണമെ- നിന്റെ ഇ
ഷ്ടം സ്വൎഗ്ഗത്തിലെ പൊലെ ഭൂമിയിലും നടക്കെണമെ- ഞങ്ങൾക്കു
വെണ്ടുന്ന അപ്പം ഇന്നു തരെണമെ- ഞങ്ങളുടെ കടക്കാൎക്കു
ഞങ്ങളും വിടുന്നതു പൊലെ ഞങ്ങളുടെ കടങ്ങളെ വിട്ടുതരെ
ണമെ- ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദൊഷത്തിൽ നി
ന്നു ഞങ്ങളെ രക്ഷിക്കെണമെ— രാജ്യവും ശക്തിയും തെജ
സ്സും യുഗാദികളിലും നിനക്കല്ലൊ ആകുന്നു— ആമെൻ-

൫൨. ഇങ്ങിനെ പ്രാൎത്ഥിക്കണം

ഉ- ദൈവത്തിൻ തിരുമുമ്പിൽ ഉന്നവെഴ്ച ഏകാഗ്രതയും അനു
താപവും നുറുങ്ങ ഹൃദയത്തിലും പുറമെ ഭാവത്തിലും താഴ്മയുള്ളവ
നായി സത്യവിശ്വാസത്തൊടും യെശുക്രിസ്തന്റെ നാമത്തിലും
പ്രാൎത്ഥിക്കണം

൫൩. ഈ പ്രകാരമുള്ള പ്രാൎത്ഥനെക്കു ഉത്തരവാഗ്ദത്തം ഉണ്ടൊ

ഉ- ആമെൻ ആമെൻ ഞാൻ നിങ്ങളൊടു പറയുന്നിതു നിങ്ങൾ എ
ന്റെ നാമത്തിൽ പിതാവിനൊടു എന്തെല്ലാം യാചിച്ചാലും അ
വൻ നിങ്ങൾക്കു തരും എന്നു നമ്മുടെ രക്ഷിതാവ് അരുളി
ച്ചെയ്തു- യൊഹ- ൧൬, ൨൩

൫൪. എന്നാൽ വിശ്വാസിക്കു ദെവഭക്തിയൊടുള്ള നടപ്പുവെണം എ
ന്നതിന്നു എന്തൊന്നിനെ പ്രമാണമാക്കണം-

ഉ- തന്റെ ഇഷ്ടവും തൊന്നലും അല്ല ലൊകത്തിന്റെ പാപമൎയ്യാ
ദകളും അല്ല ദൈവത്തിന്റെ ഇഷ്ടവും കല്പനകളും മാത്രം പ്ര

മാനമാക്കെണ്ടിയതു

കല്പനാദ്ധ്യായം (൪൧-ാം)

൪൧. ദൈവത്തിന്റെ ഇഷ്ടവും കല്പനകളും എങ്ങിനെ അറിവാറാ
കും —

ഉ. പഴയ നിയമം പുതിയ നിയമം എന്നുള്ള വെദപുസ്തകങ്ങളിൽ
അടങ്ങിയ ദൈവവചനത്താൽ അത്രെ —

൪൨. പഴയ നിയമത്തിലെ ദൈവകല്പനകൾ ഏവ —

ഉ. ൧. യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു ഞാനല്ലാ
തെ അന്യദൈവങ്ങൾ നിണക്കുണ്ടാകരുത്

൨. നിണക്കു ഒരു വിഗ്രഹത്തെയും ഉണ്ടാക്കരുത് — അവറ്റെ കുമ്പി
ട്ടുകയും സെവിക്കയും അരുതു

൩. നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുതു

൪. സ്വസ്ഥനാളിനെ ശുദ്ധീകരിപ്പാൻ ഓൎക്ക

൫. നിന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്ക

൬. നീ കുല ചെയ്യരുത്

൭. നീ വ്യഭിചരിക്കരുത്

൮. നീ മൊഷ്ടിക്കരുത്

൯. കൂട്ടുകാരന്റെ നെരെ കള്ളസാക്ഷി പറയരുതു

൰. കൂട്ടുകാരന്റെ ഭവനത്തെ മൊഹിക്കരുതു — കൂട്ടുകാരന്റെ
ഭാൎയ്യയെയും ദാസിദാസന്മാരെയും കാളകഴുതകളെയും കൂട്ടുകാ
രനുള്ള യാതൊന്നിനെയും മൊഹിക്കരുതു (പുറ. ൨൦)

ചോ. ഈ കല്പനകളുടെ സാരാംശം എന്താകുന്നു

ഉ. ദൈവത്തെയും ക്രൂട്ടുകാരനെയും സ്നേഹിക്ക എന്നത്രെ മത്ത. ൨൨-൪൦

ചോ. ദൈവത്തെ സ്നേഹിക്ക എന്നത് എന്ത-

ഉ. ദൈവത്തെ സ്നേഹിക്ക എന്നതൊ ദൈവത്തെ പരമധനം എന്നു മുഴുഹൃദയത്താൽ വിചാരിച്ചുകൊണ്ടും ഇഷ്ടം ഒക്കെയും സർവ്വത്തിന്നുമീതെ ആകാംക്ഷിച്ചും ഉത്തമന്നവനിൽ ആശ്രയിച്ചും മുറ്റും തന്നെത്താൻ സമർപ്പിച്ചും കൊണ്ട് അവന്റെ ബഹുമാനത്തിന്നായി ജീവിച്ചുവരുവനും ആക.

ചോ. ക്രൂട്ടുകാരനെ സ്നേഹിക്ക എന്നത് എന്ത-

ഉ. ക്രൂട്ടുകാരനെ സ്നേഹിക്ക എന്നതൊ അവന്നു ഗുണമുള്ളത് എല്ലാം ആഗ്രഹിക്കയും പക്ഷപാതമില്ലാതെ വിചാരിക്കയും വാക്കിനാലും ഭാവത്തിനാലും പ്രിയം കാട്ടുകയും ക്രിയയാലെ ഗുണം ചെയ്കയും എല്ലായ്പോഴും അവന്റെ ബലഹീനതയെയും വിരോധങ്ങളെയും ക്ഷാന്തിയോടെ പൊറുത്തും സൌമ്യതയാലെ അവനെ മാനസാന്തരപ്പെടുത്തും ചെയ്യുന്നതത്രെ-

ചോ. ഈ പ്രകാരം എല്ലാം നിന്നെ തന്നെ ശോധന ചെയ്താൽ നിണക്ക് എന്ത തോന്നുന്നു-

ഉ. ഞാൻ സംശയം കൂടാതെ പല വിധ പാപിയാകുന്നു എന്നും ദൈവകോപം ഇഹത്തിലും പരത്തിലും ശിക്ഷിക്കുന്നതിന്നു ഞാൻ പാത്രം എന്നും തോന്നുന്നു-

ചോ. പാപങ്ങളെക്കൊണ്ട് നിണക്കു സങ്കടം തോന്നുന്നുവൊ-

ഉ-ം അതെ ഞാൻ ദൈവത്തൊടു പാപം ചെയ്തു വിശ്വസ്തനായ സ്രഷ്ടാ
വും രക്ഷിതാവും സാക്ഷസ്ഥനും ആയവനെ പലവിധത്തിലും കൂട
ക്കൂടെ മനഃപൂർവ്വമായും ദുഃഖിപ്പിച്ചും കൊപിപ്പിച്ചും കൊണ്ടു
ഇരിക്കുന്നതിനാൽ എനിക്കു ഉള്ളകവണ്ണം സങ്കടം തൊന്നുന്നു-

൧൭. ദൈവത്തിന്റെ കൊപം മാറി കൃപ തൊന്നുവാൻ ഒരു
വഴി ഉണ്ടൊ-

ഉ-ം സത്യമായുള്ള മാനസാന്തരവും ദൈവത്തിങ്കലെക്കു തിരി
യുന്നതും വഴിയാകുന്നതു

൧൮. മാനസാന്തരം എന്നതു എന്തു-

ഉ-ം മാനസാന്തരം എന്നതൊ പാപങ്ങളെ ഹൃദയം കൊണ്ടറി
ഞ്ഞു കൊണ്ടും ദൈവമുമ്പിലും ചിലപ്പൊൾ മനുഷ്യരുടെ മു
മ്പിലും ഏറ്റുപറകയും അനുതപിച്ചു വെറുക്കയും യെശുക്രിസ്തുവി
ങ്കൽ വിശ്വസിക്കയും നടപ്പിനെ ക്രമത്തിൽ ആക്കുവാൻ ഉ
ത്സാഹിക്കയും ചെയ്യുന്നതത്രെ-

൧൯. ഇതിങ്കൽ വിശ്വാസത്തിന്നു ദൈവത്തിൽ നിന്നു ഒരു തുണയു
ന്നതു കൂടെ ആവശ്യം അല്ലയൊ

ഉ-ം ആവശ്യം തന്നെ- വിശ്വാസമാകട്ടെ ഇന്ദ്രിയശ്രദ്ധയും പ്രാ
ഗത്ഭ്യവും ഏറിട്ടു വരുത്തും ഉൾക്കുള്ളതും ചിലപ്പൊൾ സംശയ
ഭയങ്ങളും ധൈര്യക്കെടും കലർന്നിട്ടു ചെറുതാം എളിയതും
ആകുന്നു-

തിരുവത്താഴത്തിൻ അദ്ധ്യായം ൩-ാം

ചൊ. വിശ്വാസത്തിന്നു ഉറപ്പും സങ്കടത്തിൽ ആശ്വാസവും വൎദ്ധിപ്പി
ക്കുന്ന സാധനം എന്ത-

ഉ-ം നമ്മുടെ കൎത്താവായ യെശുക്രിസ്തന്റെ അത്താഴം തന്നെ-

ചൊ-ം നമ്മുടെ കൎത്താവിന്റെ തിരുവത്താഴം എന്നത് എന്ത-

ഉ-ം തിരുവത്താഴം എന്നത് വിശുദ്ധ-മൎമ്മവും ദിവ്യമായ ഭൊജ്ജി
യും ആകുന്നു- അതിൽ ക്രിസ്തൻ നമുക്ക അപ്പത്തൊടും വീഞ്ഞി
നൊടും കൂടെ തന്റെ ശരീരത്തെയും രക്തത്തെയും ഉള്ളവണ്ണം
സമ്മാനിച്ചു തരുന്നു അതുകൊണ്ടു പാപമൊചനവും നിത്യജീവ
നും ഉണ്ടെന്നു നിശ്ചയം വരുത്തുന്നു-

ന്യ൦. തിരുവത്താഴത്തിന്റെ ഉപദെശം എല്ലാം അടങ്ങിയ സ്ഥാ
പനവചനങ്ങളെ പറക-

ഉ-ം കൎത്താവായ യെശു തന്നെ കാണിച്ചു കൊടുക്കുന്നൊരു രാത്രി
യിൽ പന്തിരുവരൊടും കൂടെ അത്താഴത്തിനിരുന്നു- അപ്പ
ത്തെ എടുത്തു സ്തൊത്രം ചെയ്തു നുറുക്കി പറഞ്ഞു- വാങ്ങി ഭക്ഷി
പ്പിൻ ഇത നിങ്ങൾക്കു വെണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം
ആകുന്നു എന്റെ ഓൎമ്മക്കായിട്ടു ഇതിനെ ചെയ്വിൻ- അപ്ര
കാരം തന്നെ അത്താഴത്തിൽ പിന്നെ പാനപാത്രത്തെയും
എടുത്തു സ്തൊത്രം ചെയ്തു അവൎക്ക കൊടുത്തു പറഞ്ഞിതു- നി
ങ്ങൾ എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ ഇതു പാനപാത്രം
എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു ഇതു പാപ
മൊചനത്തിന്നായി നിങ്ങൾക്കും അനെകൎക്കും വെണ്ടി ഒഴിച്ചു എ
ന്റെ രക്തം ഇതിനെ കുടിക്കുന്തൊറും എന്റെ ഓൎമ്മക്കായി

ട്ടുചെയ്യിൽ-

ന്യ. തിരുവത്താഴത്തിൽ എന്തൊന്നു ഞങ്ങൾ ഭക്ഷിപ്പാൻ കിട്ടു-
ന്നു-

ഉ- അപ്പരസങ്ങളോടു കൂടെ ക്രിസ്തന്റെ സത്യമായുള്ള
ശരീരത്തെയും സത്യമായുള്ള രക്തത്തെയും ഞാൻ ഭക്ഷി-
ച്ചു കുടിക്കുന്നു-- ൧ കൊ. ൧൦, ൧൬ നാം ആശീർവ്വദിക്കുന്ന
അനുഗ്രഹപാത്രം ക്രിസ്തരക്തത്തിന്റെ കൂട്ടായ്മയല്ലയോ നാം
നുറുക്കുന്ന അപ്പം ക്രിസ്തശരീരത്തിന്റെ കൂട്ടായ്മയല്ലയോ

ന്യ. തിരുവത്താഴം ആർക്കു കിട്ടുകയെ വിധിച്ചിരിക്കുന്നു-

ഉ- തങ്ങളെ ശോധന ചെയ്വാൻ കഴിയുന്ന ക്രിസ്ത്യാനർക്കെല്ലാം വി-
ധിച്ചതു- ൧ കൊ. ൧൧, ൨൮. മനുഷ്യൻ തന്നെത്താൻ ശോ-
ധന ചെയ്തിട്ടു വേണം ഈ അപ്പത്തിൽ ഭക്ഷിച്ചും പാനപാത്ര-
ത്തിൽ കുടിച്ചും കൊള്ളുവാൻ-

ന്യ. തന്നെത്താൻ ശോധന ചെയ്കയെന്നത് എന്തു-

ഉ- ഞാൻ തന്റെ ഹൃദയത്തിലും മനോബോധത്തിലും പ്രവേശി-
ച്ചുകൊണ്ടു തന്റെ മാനസാന്തരത്തെയും വിശ്വാസത്തെയും
പുതിയ അനുസരണത്തെയും ആരാഞ്ഞുകൊള്ളുന്നതത്രെ

ന്യ. നമ്മുടെ മാനസാന്തരത്തെ ശോധന ചെയ്യുന്നത് എങ്ങിനെ

ഉ- നമ്മുടെ പാപങ്ങളെ ഒക്കെയും നന്നായി അറികയും ദൈവത്തി-
ന്മുമ്പാകെ ഏറ്റുപറകയും മനസ്സോടെ വെറുക്കയും അനു-
തപിക്കയും ചെയ്യുന്നുവോ എന്നു ആരാഞ്ഞു നോക്കുമ്പോഴ-
ത്രെ-

൰൩. നമ്മുടെ വിശ്വാസത്തെ ശോധനചെയ്യുന്നതെങ്ങിനെ.

ഉ-ം നാം ക്രിസ്തുവിനെ ഉള്ളവണ്ണം അറികയും അവന്റെ വചനത്തിലും കരുണയിലും മാത്രം ആശ്രയിക്കയും തിരുവത്താഴത്തിൽ അവന്റെ സത്യശരീരം(?) ഉൾപ്പെടാകയും(?) ചെയ്യുന്നുവോ എന്നല്ലയോ(?) ആരാഞ്ഞുനോക്കേണ്ടത്രെ.

൰൪. നമ്മുടെ പുതിയ(?) അനുസരണത്തെ ശോധനചെയ്യുന്നതെങ്ങിനെ —

ഉ-ം ഇതുവരെയുള്ള പാപത്തെ വെറുത്തും വിട്ടും കൊണ്ടു ദൈവപ്രസാദം വരുത്തുവാനും(?) അവന്റെ കരുണയാലെ ദൈവസ്നേഹത്തിലും കൂട്ടുകാരന്റെ സ്നേഹത്തിലും ഉറച്ചിരിപ്പാനും നാം താല്പര്യത്തോടെ ശ്രമിച്ചുവോ(?) എന്നു സൂക്ഷ്മമായി ആരാഞ്ഞുനോക്കേണ്ടത്രെ.

൰൫. ശോധന കഴിക്കാതെ അപാത്രമായി തിരുവത്താഴത്തിൽ ചേരുന്നവർക്കെന്തു ശിക്ഷ കല്പിച്ചിട്ടു(?) —

ഉ-ം ദൈവത്തിന്റെ ദണ്ഡവിധിയത്രെ — ൧ കൊ. ൧൧, ൨൯ — അപാത്രമായി ഭക്ഷിച്ചു കുടിക്കുന്നവൻ കർത്താവിൻ ശരീരത്തെ വിവേചിക്കായ്കയാൽ തനിക്കു താൻ ന്യായവിസ്താരത്തെ ഭക്ഷിച്ചു കുടിക്കുന്നു —

൰൬. അനുതപിച്ചു ഞെരുങ്ങിയ ഹൃദയത്തോടെ അനുഭവിക്കുന്നവർക്കു(?) തിരുവത്താഴത്തിലെ ഫലം എന്തു

ഉ-ം എന്റെ വിശ്വാസം ഉറെക്കയും മനസ്സാക്ഷിക്കു ആശ്വാസം ലഭിക്കയും പാപങ്ങളുടെ മോചനത്തിന്നു നിശ്ചയം കിട്ടുകയും

നടപ്പിന്നവൃത്തിക്കും വരികയും തന്നെ ഫലം ആകുന്നത്

ന്നു- തിരുവത്താഴത്തിൽ ചെരുവാൻ നമുക്കെങ്ങിനെയൊരുക്ക

ണമെന്തു-

ഉ-ം. അദ്ധ്യക്ഷവെലക്കാലത്രെ- അനുതാപിക്കാതവർക്ക് പാപങ്ങ

ളുടെ വിമൊചിപ്പാനും അനുതാപിക്കുന്നവർക്ക് മൊചിപ്പാനും അ

ധികാരമുണ്ടു-

൧൦. ഈ ആത്മികാധികാരം അദ്ധ്യക്ഷന്മാർക്ക് ആർ

വന്നു-

ഉ-ം. കർത്താവായ ക്രിസ്തു തന്നെ അത്രെ- അവൻ തന്റെ ശിഷ്യന്മാരൊ

ടു പറഞ്ഞിരിക്കുന്നത്. മത്ത. ൧൮, ൧൮ നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെ

ല്ലാം കെട്ടിയാലും സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നി

ങ്ങൾ ഭൂമിയിൽ എന്തെല്ലാം കെട്ടഴിച്ചാലും സ്വർഗ്ഗത്തിലും

അഴിഞ്ഞിരിക്കും- എന്നല്ലാതെ യൊഹ. ൨൦, ൨൩ നിങ്ങൾ ആ

രെക്കിലും പാപങ്ങളെ മൊചിച്ചാൽ അവർക്ക് മൊചിക്കപ്പെ

ട്ടിരിക്കും. ആരെക്കിലും വിരൊധിച്ചാൽ വിരൊധിക്കപ്പെ

ട്ടിരിക്കും എന്നും തന്നെ-

൧൧. തിരുവത്താഴത്തിൽ ചെരുന്നവിശ്വാസികൾക്ക് എന്തു കടം ആ

കുന്നു-

ഉ-ം. നാം കർത്താവായ ക്രിസ്തുവിനെയും അവന്റെ മരണത്തെയും ഒ

ർക്കയും അവന്റെ നാമത്തെ സ്തുതിക്കയും ഹൃദയത്താലും ക്രി

യകളാലും അവന്റെ ഉപകാരങ്ങൾക്കു കൃതജ്ഞത കാട്ടുക

യും വെണ്ടുന്നു ൧ കൊരി. ൧൧, ൨൬

൧൮. ക്രിസ്തന്റെ മരണത്തെ പ്രസ്താവിക്കെണ്ടുന്ന പ്രകാരം സ്പ
ഷ്ടമായിപറയാമൊ

ഉ- ഞാൻ തിരുവത്താഴത്തിൽ ചെരുമ്പൊഴും പിന്നെശെഷവും ക്രി
സ്തന്റെ ക്രൂശിലെ മരണത്തെ താല്പൎയ്യത്തൊടും വിശ്വാസത്തൊ
ടും കൂടെ ധ്യാനിക്കുകിൽ ക്രിസ്തുരക്ഷിതാവ് ശരീരത്തെ ബ
ലികഴിച്ചും രക്തത്തെ ഒഴിച്ചും കൊണ്ടെന്നെക്കും സൎവ്വലൊക
ത്തിന്നും പാപത്തെ ഇല്ലാതാക്കി നിത്യരക്ഷയെ സമ്പാദിച്ചു
കൊടുത്തപ്പൊൾ എത്രയെല്ലാം കഷ്ടിച്ചും അദ്ധ്വാനിച്ചും ഇരിക്കു
ന്നവനെന്നു നന്ദിയായിനിനച്ചുകൊള്ളെണ്ടതു-

൧൯. ഈ ബലിമരണത്തെ ധ്യാനിച്ചു പ്രസ്ഥാപിക്കുന്നതിന്റെ ഫ
ലം എന്തു-

ഉ- കൎത്താവായ യെശുവിന്നു എന്റെ പാപങ്ങളാൽ അതിക്രൂ
രവെദനകളും കൈപ്പുള്ള മരണവും സംഭവിച്ചതുകൊണ്ടു
ഞാൻ പാപത്തിൽ രസിക്കാതെ അതിനെ അശെഷം ഒഴി
ച്ചുമണ്ടിപൊകയും എന്നെ ഉദ്ധരിച്ച രക്ഷിതാവിന്റെ അള
വിട്ട കെവലം അവന്റെ ബഹുമാനത്തിന്നായി ജീവിക്കയും ക
ഷ്ടപ്പെടുകയും മരിക്കയും വെണ്ടതു- എന്നാൽ എന്റെ
അന്ത്യനെരത്തിൽ ഭയം കൂടാതെ തന്നെ കൊണ്ടു കൎത്താവാ
യ യെശുവെ നിനക്കായി ഞാൻ ജീവിക്കുന്നു നിനക്കായി കഷ്ട
പ്പെടുന്നു നിനക്കു മരിക്കുന്നു ചത്തും ഉയിൎത്തും നിനക്കുള്ളവനാ
കുന്നു യെശുവെ എന്നെന്നെക്കും എന്നെ രക്ഷിക്കെണമെ എന്നൊ
ൎക്കുമാറാവു- ആമെൻ-

Tellicherry Mission Press 1853.

സ്ഥിരീകരണത്തിനുള്ള

ഉപദേശം

൧. മനുഷ്യന്ന് ഇഹത്തിൽ മുഖ്യവിചാരം ആകെണ്ടതു എ
ഉ. നിത്യജീവന്റെ പ്രത്യാശതന്നെ ഉറെച്ചുവരെണ
(മ-മത. ൬, ൩൩ മുമ്പെ ദൈവത്തിന്റെ രാജ്യത്തെ
അവന്റെ നീതിയെയും അന്വെഷിപ്പിൻ എന്നാൽ ഇ
ങ്ങൾക്കു കൂടെ കിട്ടും എന്നു ക്രിസ്തൻ പറഞ്ഞുവല്ലൊ

൨. ഈ പ്രത്യാശ എല്ലാ മനുഷ്യനും വരികയില്ലയൊ
ഉ. സത്യക്രിസ്തഭക്തന്നല്ലാതെ ഒരുത്തനും വരാ — മത. ൭, ൨
ട കൎത്താവെ കൎത്താവെ എന്നു പറയുന്നവൻ എല്ലാം സ
ത്തിൽ കടക്കയില്ല സ്വൎഗ്ഗസ്ഥനായ എന്റെ പിതാവിന
ഇഷ്ടം ചെയ്യുന്നവൻ അത്രെ എന്നുണ്ടല്ലൊ.

൩. നീ ആർ ആകുന്നു
ഉ. ഞാൻ ക്രിസ്ത്യാനൻ തന്നെ.

൪. ക്രിസ്ത്യാനൻ ഉണ്ടാകുന്നത് എങ്ങിനെ
ഉ. ക്രിസ്ത്യാനരിൽ ജനിക്കുന്നതിനാൽ അല്ല ക്രിസ്ത്യാനരെ
ഴുംഉള്ളതിനാലും അല്ല — ക്രിസ്തുവിങ്കലെ വിശ്വാസം കൊ